കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡെവലപ്മെന്റ് പദ്ധതി പ്രകാരം വീട്ടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി നഗരപ്രദേശങ്ങളിലെ വിട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി 'ഹരിതനഗരി' പദ്ധതി എന്നീ പദ്ധതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരള കൃഷി വകുപ്പ് 2012-13 മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി 55 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ സ്കൂൾ വിദ്യാർത്ഥികളും വീട്ടമ്മമാരും മുഖേന നൽകിയിട്ടുണ്ട്. ജൈവ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവകൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകളും കൈപുസ്തകങ്ങളും സംസ്ഥാനത്തെ സ്കൂളുകൾ, കൃഷി ഭവനുകൾ എന്നിവ മുഖേന നൽകി. ആവശ്യമായ പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. കേരളത്തിലെ 3825 വിദ്യാലയങ്ങളിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സൗജന്യമായി നൽകിയിട്ടുണ്ട്.

(സി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം,പച്ചക്കറികൾ തുടങ്ങിയവ കൃഷി വകുപ്പ് പച്ചക്കറി വികസന പദ്ധതിയനുസരിച്ച് രൂപം നൽകിയ ബ്ലോക്കുതല കർഷക വിപണന സ്ഥാപനങ്ങൾ, (BLFO's) ഇക്കോഷോപ്പുകൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ, കർഷക ക്ലസ്റ്ററുകൾ, കർഷക സ്വാശ്രയ വിപണികൾ, പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് തുടങ്ങിയ വിപണന ശൃംഖല മുഖേന വിപണിയിൽ ലഭ്യമാക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ 5 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു. കാസർഗോഡ് ജില്ല ഒഴികെയുള്ള 13 ജില്ലകളിലെ 65 തെരഞ്ഞെടുത്ത ബ്ലോക്കുകളിലും കൂടി ഇക്കോഷോപ്പുകൾ സജ്ജമാക്കി വരുന്നു. ഓരോ ഇക്കോഷോപ്പും പ്രാവർത്തികമാക്കാൻ 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇക്കോഷോപ്പുകൾ വിവിധ സംഘടനകൾ വഴിയാണ് നടപ്പിലാക്കുന്നത്.

നാളികേര വിലയിടിവ്

186 (1561) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വിലയിടിവ്മൂലം കേര കർഷകർ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷി ഭവൻ വഴിയുള്ള നാളികേര സംഭരണം ഫലപ്രദമാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) നാളികേരം സംഭരിക്കുന്നതിനും കർഷകർക്ക് മാന്യമായ വില നൽകുന്നതിനും തയ്യാറാകുമോ;

(ഡി) നാളികേര കർഷകരെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷി ഭവൻ വഴിയുള്ള നാളികേര സംഭരണം ഫലപ്രദമാകുന്നതായാണ് അറിയുവാൻ സാധിച്ചിട്ടുള്ളത്.

(സി) സംസ്ഥാന കൃഷിവകുപ്പും കേരഫെഡും സംയുക്തമായി തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ പച്ച നാളികേരം സംഭരിക്കുന്നുണ്ട്. പൊതുവിപണിയിൽ നാളികേരത്തിന് കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കൃഷി ഭവൻ വഴി കേരഫെഡ് നാളികേരം സംഭരിക്കുന്നത്.

(ഡി) നാളികേര കൃഷിയുടെ സംയോജിത വികസനത്തിനും നാളികേര കർഷകരെ സംരക്ഷിക്കുന്നതിനുമായി കേരഗ്രാമം, കേരസമൃദ്ധി എന്നീ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

സംയോജിത ഭക്ഷ്യവിള ഉൽപ്പാദന പദ്ധതി

187 (1562) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന സംയോജിത ഭക്ഷ്യവിള ഉൽപ്പാദന പദ്ധതിക്കായി ഓരോ വർഷവും നീക്കിവച്ച തുക എത്രയായിരുന്നു;

(ബി) പ്രസ്തുത വർഷങ്ങളിൽ എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly